സർജറി, പ്ലാസ്റ്റിക് സർജറി, പീഡിയാട്രിക് സർജറി, ന്യൂറോ സർജറി, ഇ.എൻ.ടി., ഒക്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി, ഒപ്താൽമോളജി, ഓർത്തോപീഡിക്സ്, ദന്തിസ്ട്രി, ബ്ലഡ് ബാങ്ക്, അനസ്തേഷ്യ, റേഡിയോ ഡയഗ്നോസിസ്, മെഡിസിൻ, ടി.ബി.ആന്റ് ചെസ്റ്റ് ഡിസീസ്, ഡെർമ്മറ്റോളജി ആന്റ് വെനീറോളജി (സ്കിൻ), ന്യൂറോളജി, പീഡിയാട്രിക്സ്, സൈക്യാട്രി, റേഡിയോതെറാപ്പി, പതോളജി, മൈക്രോബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഫാർമക്കോളജി, ഫോറൻസിക് മെഡിസിൻ, ബയോ കെമിസ്ട്രി, ഫിസിയോള ജി, അനാറ്റമി, ഫിസിക്കൽ മെഡിസിൻ, കാർഡിയോളജി മുതലായവ

(ബി) വിശദവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(സി) ആകെ 222 ഒഴിവുകൾ. വിശദവിവരം അനുബന്ധം2-ൽ ചേർത്തിരിക്കുന്നു+

(ഡി) ചില ഉയർന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് പ്രൊമോ ഷന് യോഗ്യരായവരുടെ അഭാവം കൊണ്ടാണ്. ചില വിഭാഗങ്ങളുടെ ലക്ചറർ തസ്തികയിലേക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. ഈ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കരാർ അടിസ്ഥാനത്തിലും നിയമനം നടത്തിവരുന്നു.

(ഇ) സർജറി ബ്ലോക്കുകൾ, ഒ.പി. ബ്ലോക്കുകൾ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടില്ല. ഒ.പി. ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ എന്നിവ യ്ക്കുള്ള സൗകര്യം പൂർത്തിയായിട്ടില്ല. തൃശ്ശൂർ -ഷൊർണ്ണൂർ റോഡിൽ ഒരു റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കേണ്ടതുണ്ട്.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആശുപത്രി ബ്ലോക്കുകളു ടെയും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റേയും പണികൾ ഘട്ടം ഘട്ട മായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് മെഡിക്കൽ കോളേജ്

158 (816)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗ ത്തിനു വേണ്ട സജ്ജീകരണങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടുത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തു നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(സി) അത്യാഹിത വിഭാഗത്തോടനുബന്ധിച്ചുള്ള രണ്ട് ഓപ്പറേഷൻ തീയേറ്ററുകൾ പ്രവർത്തിക്കുവാൻ ആവശ്യമായ അനസ്തറ്റിസ്റ്റുകൾ ഇല്ലെ ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവിടെ അനസ്തറ്റിസ്റ്റുകളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) അത്യാഹിത വിഭാഗത്തിൽ എല്ലാവിധ സൗകര്യങ്ങളു മുണ്ട്. എന്നാൽ പുതുതായി ഉദ്ഘാടനം ചെയ്ത ട്രോമാകെയർ സെന്ററിനാവ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. നഴ്സുമാരുടെ കുറവു നികത്തുന്നതിന് ബീച്ച് ആശുപത്രിയിൽ നിന്നും, ഡബ്ല്യൂ ആന്റ് സി ആശുപത്രിയിൽ നിന്നും 10 നഴ്സുമാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

## മരുന്ന് കമ്പനികൾക്ക് കൊടുക്കുവാനുള്ള കുടിശ്ശിക

**159 (817)**ശ്രീ. കെ.റ്റി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികൾക്ക് മരുന്നുവിതരണം ചെയ്ത വകയിൽ മരുന്നു കമ്പനികൾക്ക് എന്തുതുക കൊടുത്തു തീർക്കാനുണ്ട്;

(ബി) കുടിശ്ശിക കൊടുത്തു തീർക്കാനുള്ളതു കാരണം സർക്കാർ ആശുപത്രികൾക്കുള്ള മരുന്നു വിതരണം നിർത്തി വയ്ക്കാൻ ഔഷധ കമ്പനികൾ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വിശദ വിവരം ശേഖരിച്ചുവരുന്നു.

## മരുന്നുകളുടെ വിലക്കയറ്റം തടയുവാൻ നടപടി

**160 (818)**ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യമായ മരുന്നുകൾ ഏത് സമയത്തും ലഭ്യമാക്കാനും മരുന്നുകളുടെ വിലക്കയറ്റം തടയുവാനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാനും ഗുണപ്രദമല്ലാത്തവ നിരോധിക്കുവാനും നിലവിലുള്ള സംവിധാനങ്ങൾ ഏതെല്ലാം ആണെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരു ജനകീയ ഔഷധനയത്തിന് രൂപം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കും മെഡിക്കൽ കോളേജുകൾക്കും ആവശ്യമായ മരുന്നുകൾ സെൻട്രൽ പർച്ചേയ്സ് കമ്മിറ്റി വഴിയാണ് വാങ്ങുന്നത്. ഏതെങ്കിലും മരുന്നിന് ദൗർലഭ്യം ഉണ്ടായാൽ അത് ലോക്കൽ പർച്ചേസ് വഴി വാങ്ങാൻ ആശുപത്രി സൂപ്രണ്ടിന് അധികാരം നൽകിയിട്ടുണ്ട്. മരുന്നുകളുടെ വിലകൾ നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നാൽ പേയിംഗ് കൗണ്ടറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ എന്നിവ വഴി മിതമായ വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly